# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4020** **19.03.2018-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്ന പദ്ധതി

| ചോദ്യം<br>ശ്രീ.കെ. ദാസൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്ന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ കണ്ടെത്തുന്ന ഭൂമിയുടെ ന്യായവിലയും മാർക്കറ്റ് വിലയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഉദ്യോഗസ്ഥർ നിശ്ചയിക്കുന്ന ന്യായവില കുറവായതിനാൽ ധനസഹായ തുകയായ ആറു ലക്ഷത്തിന്റെ ഗുണഫലം പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഒരു ഗുണഭോക്താവിന് 2 മുതൽ 3 സെന്റ് വസ്തു വരെ ഭവന നിർമ്മാണത്തിനായി വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുളളത്. എന്നാൽ വസ്തുവില കൂടിയ നഗരങ്ങളിൽ പ്രാദേശിക പ്രത്യേകത അനുസരിച്ച് ചില സ്ഥലങ്ങളിൽ 1 സെന്റ് വസ്തുവിന് പരമാവധി 3 ലക്ഷം രൂപ പ്രകാരം 2 സെന്റ് വസ്തു മാത്രമേ 6 ലക്ഷം രൂപയ്ക്ക് വാങ്ങാൻ കഴിയുകയുളളു. വസ്തുവിന്റെ വില കുറഞ്ഞ പ്രദേശങ്ങളിൽ 3 സെന്റ് വസ്തു വാങ്ങുന്നതിന് അർഹമായ ധനസഹായം മാത്രമേ അനുവദിക്കാൻ കഴിയൂ. വസ്തുവിന്റെ വില നിശ്ചയിച്ച് നൽകുന്നത് 16.12.2017 ലെ സർക്കാർ ഉത്തരവ് (കൈ) നം. 29/2017/മ.തു.വ പ്രകാരമാണ്. ആയത് ഭൂമിയുടെ പ്രാദേശിക വിലയ്ക്ക് ഏകദേശം സമാനവുമാണ്. ധനസഹായം പ്രദേശത്തെ വസ്തുവിന്റെ വിലയുമായി ബന്ധപ്പെട്ടതാകയാൽ മേൽ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിക്കപ്പെടുന്ന വിലയുടെ അടിസ്ഥാനത്തിൽ മാത്രമേ അർഹമായ തുക അനുവദിക്കുവാൻ കഴിയുകയുളളു. |
| സി) ഇതുകാരണം മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ക്ലേശങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | സി) സ്ഥലം വാങ്ങുന്നതുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ക്ലേശങ്ങൾ പരിഹരിച്ച് നടപടി ക്രമങ്ങൾ ലളിതമാക്കുന്നതിന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |

1) ഭൂമിയുടെ വില നിശ്ചയിച്ചു നൽകുന്നതിനായി സമീപ പ്രദേശത്ത് 3 വർഷത്തിനുളളിൽ ആധാരം ചെയ്തിട്ടുളള മൂന്ന് വസ്തുക്കളുടെ പ്രമാണം പരിശോധിക്കുകയും അതിൽ സമാന സ്വഭാവമുളള വസ്തുവിന്റെ വില ബേസിക് വാല്യൂ ആയി കണക്കാക്കി സ്ഥലത്തിന്റെ ബേസിക് വാല്യൂവിനെ നിശ്ചിത മൾട്ടിപ്ലിക്കേഷൻ ഫാക്ടർ കൊണ്ട് ഗുണിച്ച് പരമാവധി 100% സൊളേഷൻ കൂടി കൂട്ടി സ്റ്റാറ്റ്യൂട്ടറി വാല്യൂ കണ്ടെത്തി അങ്ങനെ കണക്കാക്കപ്പെടുന്ന സ്റ്റാറ്റ്യൂട്ടറി വിലയേക്കാൾ 100% വരെ അധികവില നെഗോഷിയേറ്റ് ചെയ്ത് നിശ്ചയിക്കുന്ന തുക 6 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ലെന്നും ആയത് നിശ്ചയിച്ചു നൽകുന്നതിനു ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ഫിഷറീസ് ഓഫീസർ കൺവീനറും ബന്ധപ്പെട്ട തഹസീൽദാർ, ഡെപ്യൂട്ടി കളക്ടർ (ലാൻഡ് അക്വിസിഷൻ) ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളുമായി കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

2) സ്റ്റാറ്റ്യൂട്ടറി വിലയേക്കാളും 100% ത്തിൽ അധികരിച്ച തുക നിശ്ചയിച്ചു നൽകേണ്ട കേസുകളിൽ ഫിഷറീസ് സെക്രട്ടറി ചെയർമാനും ഫിഷറീസ് ഡയറക്ടർ കൺവീനറും ഫിനാൻസ്, റവന്യൂ എന്നീ വകുപ്പുകളിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ

# കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഭൂരഹിതരായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുന്ന പദ്ധതിക്കും വിഴിഞ്ഞം പദ്ധതിയിൽ മത്സ്യത്തൊഴിലാളി പുനരധിവാസത്തിനായി ഭൂമി ഏറ്റെടുക്കൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടു സ്ഥലം ഏറ്റെടുക്കുന്ന പദ്ധതിക്കും ഭൂമിയുടെ മാർക്കറ്റ് വില നിശ്ചയിച്ചുനൽകുന്നതിനുള്ള അധികാരം പുതിയ സമിതിയെ ഏൽപ്പിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

സ.ഉ (കൈ) നം. 29/2017/മ.തു.വ തിരുവനന്തപുരം, തീയതി.16.12.2017

പരാമർശം 1 11.11.2005-ലെ സ.ഉ(കൈ) നം. 55/2015/മതുവ ഉത്തരവ്.

2 07.12.2016-ലെ സ.ഉ(സാധാ) നം. 875/16/മതുവ ഉത്തരവ്

3 ഫിഷറീസ് ഡയറക്ടറുടെ 13.06.2017-ലെ എൻ1/6614/16 നമ്പർ കത്ത്.

## ഉത്തരവ്

ഭൂരഹിതരും ഭവനരഹിതർ ആയവരും, കടലാക്രമണം മുഖേന ഭൂമിയും ഭവനവും നഷ്ടപ്പെട്ട് കാലാകാലങ്ങളായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരും ആയ മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിടത്തിനായി 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ വരെ സർക്കാർ ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് പരാമർശം 2 പ്രകാരം ഉത്തരവാകുകയും അതനുസരിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

(2). ഗുണഭോക്താക്കൾ നേരിട്ട് വാസയോഗ്യമായ സ്ഥലം കണ്ടെത്തുകയും ആയത് പരിശോധിച്ച് ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്ഥലം നൽകുന്നതിന് ഭൂവുടമകൾ തയ്യാറുമാണ്. കണ്ടെത്തിയ സ്ഥലങ്ങൾ വാങ്ങുന്നതിന് ഓരോ പ്രദേശത്തെയും ഭൂമിയുടെ ശരാശരി വില ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതി നിശ്ചയിച്ചു നൽകേണ്ടതുണ്ട്. ഭൂമിയുടെ വില നിശ്ചയിക്കുന്നതിനായി റവന്യൂ വകുപ്പ് കണക്കാക്കുന്ന നിയമാനുസൃത മൂല്യത്തേക്കാൾ ഉയർന്ന തുകയാണ് വസ്തു ഉടമകൾ ആവശ്യപ്പെടുന്നത്. നിലവിലെ (DLPC / SLPC) വ്യവസ്ഥ അനുസരിച്ച് കണക്കാക്കുന്ന നിയമാനുസൃത മൂല്യത്തേക്കാൾ ഉയർന്ന തുക വസ്തുവുടമകൾ ആവശ്യപ്പെടുന്ന പക്ഷം ടി വസ്തു ഉടമകളുമായി ഭൂമിയുടെ വില നെഗോഷിയേറ്റ് ചെയ്യുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് ചീഫ് സെക്രട്ടറി ചെയർമാനായ സംസ്ഥാനതല ഉന്നതാധികാര സമിതിയ്ക്ക് നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ വസ്തു ഉടമകളുമായി ചർച്ച ചെയ്ത് സ്റ്റാറ്റ്യൂട്ടറി വിലയേക്കാൾ 200% വരെ കൂടുതൽ വില ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല

ഉന്നതാധികാര സമിതി വില അന്തിമമായി നിശ്ചയിച്ച് വരികയുമാണ് ചെയ്തു വരുന്നത്. കൂടുതൽ ഭൂമി വാങ്ങുന്നതിനായി നിശ്ചയിച്ചിട്ടുള്ള നടപടി ക്രമങ്ങൾ 2 മുതൽ 3 സെന്റ് വരെയുള്ള സ്ഥലം വാങ്ങുന്നതിനും പിൻതുടരുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

(3). ഈ സാഹചര്യത്തിൽ സ്റ്റാറ്റ്യൂട്ടറി വാല്യൂ കണ്ടുപിടിച്ചതിനുശേഷം 2 മുതൽ 3 സെന്റ് സ്ഥലത്തിന് (6 ലക്ഷം രൂപയിൽ അധികരിക്കാതെ) അതിൽ നിന്നും പരമാവധി 100% വരെ ഭൂമി വില ഉയർത്തി വില നിശ്ചയിച്ച് നൽകുന്നതിന് ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ഫിഷറീസ് ഓഫീസർ കൺവീനറും ബന്ധപ്പെട്ട തഹസീൽദാർ, ഡെപ്യൂട്ടി കളക്ടർ (ലാന്റ് അക്വിസിഷൻ) ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളുമായ കമ്മിറ്റിക്ക് അധികാരം കൈമാറുന്നത് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് അനിവാര്യമാണ്.

(4). വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരവും പുനരധിവാസവും സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിന് 475 കോടി രൂപയുടെ പ്രത്യേക പാക്കേജിന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിൽ 350 കോടി രൂപ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനും ഭവന നിർമ്മാണത്തിനുമാണ് വകയിരുത്തിയിട്ടുള്ളത്. പനത്തുറ മുതൽ വലിയവേളി വരെയുള്ള പ്രദേശത്തെ 3000-ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 50 ഏക്കർ സ്ഥലം ഏറ്റെടുക്കുന്ന കാര്യവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിഴിഞ്ഞം പുനരധിവാസ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നത് നിലവിലെ DLPC/SLPC നടപടിക്രമം അനുസരിച്ചാണെങ്കിൽ കൂടുതൽ സമയം എടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുകയും ചെയ്യും. ആയതിനാൽ വിഴിഞ്ഞം പുനരധിവാസ പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്ന പദ്ധതിയും മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പ്രകാരം നടപ്പിലാക്കണമെന്ന് പരാമർശം (3) പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

(5). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് സാധൂകരിച്ച് കൊണ്ടും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(6). ഭൂമിയുടെ വില നിശ്ചയിച്ച് നൽകുന്നതിനായി സമീപപ്രദേശത്ത് 3 വർഷത്തിനുള്ളിൽ ആധാരം ചെയ്തിട്ടുള്ള മൂന്ന് വസ്തുക്കളുടെ പ്രമാണം പരിശോധിക്കുകയും അതിൽ സമാന സ്വഭാവമുള്ള വസ്തുവിന്റെ വില ബേസിക്ക് വാല്യൂ ആയി കണക്കാക്കി സ്ഥലത്തിന്റെ ബേസിക്ക് വാല്യൂവിനെ നിശ്ചിത മൾട്ടിപ്ലിക്കേഷൻ ഫാക്ടർ കൊണ്ട് ഗുണിച്ച് പരമാവധി 100% സൊളേഷ്യം കൂടി കൂട്ടി സ്റ്റാറ്റ്യൂറ്ററി വാല്യൂ കണ്ടെത്തി അങ്ങനെ കണക്കാക്കപ്പെടുന്ന സ്റ്റാറ്റ്യൂട്ടറി വിലയേക്കാൾ 100% വരെ അധിക വില നെഗോഷിയേറ്റ് ചെയ്ത് നിശ്ചയിക്കുന്ന തുക 6,00,000/- (ആറ് ലക്ഷം ) രൂപയിൽ അധികരിക്കാൻ പാടില്ല. ആയത് നിശ്ചയിച്ച് നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ഫിഷറീസ് ഓഫീസർ കൺവീനറും ബന്ധപ്പെട്ട തഹസീൽദാർ, ഡെപ്യൂട്ടി കളക്ടർ (ലാന്റ് അക്വിസിഷൻ) ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളുമായ കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു.

(7). സ്റ്റാറ്റ്യൂട്ടറി വിലയേക്കാളും 100% ത്തിൽ അധികരിച്ച തുക നിശ്ചയിച്ച് നൽകേണ്ട കേസുകളിൽ ഫിഷറീസ് സെക്രട്ടറി ചെയർമാനും ഫിഷറീസ് ഡയറക്ടർ കൺവീനറും, ഫിനാൻസ്, റവന്യൂ എന്നീ വകുപ്പുകളിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു.

(8). മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുന്ന പദ്ധതിക്കും, വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് 3000 ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 50 ഏക്കർ സ്ഥലം ഏറ്റെടുക്കേണ്ട പദ്ധതി ഭൂമി ഏറ്റെടുക്കൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടും ഒരു പൈലറ്റ് പ്രോജക്ടായി ഈ സാമ്പത്തിക വർഷത്തേക്ക് മാത്രം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ബി. ശ്രീനിവാസ്
ഗവൺമെൻറ് പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ. 1725 തീയതി 13.12.2017)
ഫിനാൻസ് വകുപ്പ് (നമ്പർ. ധെവ.3/155/2017/ഫിൻ തീയതി 01.08.2017)
റവന്യൂ വകുപ്പ് ( നമ്പർ. ബി2/364/17/റവന്യൂ 30.06.2017 )
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ

S. Officer